## മലമ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

131(145) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ?

1. 2016 മുതൽ 2021 വരെ സംരംഭക സഹായ പദ്ധതി പ്രകാരം 78 വ്യവസായ സ്ഥാപനങ്ങൾക്ക് 8.16 കോടി രൂപ സബ്സിഡി അനുവദിച്ചു.
2. പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം 2016 മുതൽ 2021 വരെ 66 പേർക്ക് വായ്പ നൽകി. 1.61 കോടി രൂപ സബ്സിഡിയായി അനുവദിച്ചു.
3. മലമ്പുഴ നിയോജകമണ്ഡലത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള കഞ്ചിക്കോട്, പുതുശ്ശേരി എന്നീ വ്യവസായ വികസന ഏരിയായിൽ 81 സംരംഭകർക്കായി 62.73 ഏക്കർ വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്.
4. കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയായിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണിക്കൾക്കായി 22.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
5. പുതുശ്ശേരി വ്യവസായ വികസന ഏരിയായിലെ റോഡുകളുടെ നവീകരണത്തിനും ടാറിംഗിനുമായി 41.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
6. LSGD പദ്ധതി പ്രകാരം 10 ഗ്രൂപ്പുകൾക്ക് 20 ലക്ഷം രൂപ സബ്സിഡി നൽകി.
7. എസ്.സി.എ. റ്റു എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നീലക്കുറിഞ്ഞി ബാംബൂ ക്ലസ്റ്റർ എന്ന ട്രെയിനിംഗ് പ്രോഗ്രാം 5 ലക്ഷം രൂപ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. മുള ഉൽപ്പന്ന നിർമ്മാണം സംബന്ധിച്ച് 30 ദിവസത്തെ ട്രെയിനിംഗിൽ 30 പേർ പങ്കെടുത്തു.
8. കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ KBI-ന് കീഴിൽ റൈസ് ടെക്നോളജി പാർക്കിലെ ശിലാസ്ഥാപനം 2018-ൽ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

1. എക്സിബിഷൻ ഗ്രാന്റ് - എക്സിബിഷൻ നടത്തുന്ന സംഘങ്ങൾക്ക് നൽകുന്ന പ്രോത്സാഹന പദ്ധതിയാണ് എക്സിബിഷൽ ഗ്രാന്റ്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 66,524 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. അംശദാന മിതവ്യയ പദ്ധതി - കൈത്തറി മേഖലയിലെ തൊഴിലാളികളുടെ പ്രോത്സാഹനത്തിനും ക്ഷേമത്തിനുമായി ആരംഭിച്ച ഈ പദ്ധതി വരിക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും വിവാഹം, വിദ്യാഭ്യാസം, മുതലായവയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 17,92,077 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. നെയ്ത്ത് ഉപകരണങ്ങൾക്കുള്ള ധനസഹായം-കൈത്തറി നെയ്ത്തിനു പയോഗിക്കുന്ന തറികളിൽ ഉപയോഗിക്കുന്ന ഓടം, അച്ച്, വിഴുത് എന്നിവയ്ക്കുള്ള ധനസഹായം. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 9,82,514 രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ടെക്നോളജി അപ്ഗ്രഡേഷൻ - വർക്ക് ഷെഡ് നവീകരണം തറികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യ, നിലവാരം മെച്ചപ്പെടുത്തൽ, ആധുനികവത്കരണം, വർക്ക് ഷെഡ് നവീകരണം എന്നിവയ്ക്കുള്ള പദ്ധതിയാണിത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

5. സർക്കാർ ഓഹരി പങ്കാളിത്ത പദ്ധതി - സഹകരണ സംഘങ്ങളുടെ നെറ്റ് ഡിസ്പോസിബിൾ, വിഭവ സ്ഥിതി ഉയർത്തുന്നതിനും ആസ്തി സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഓഹരി പങ്കാളിത്തം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം ആകെ 16,93,,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

6. ഉല്പാദന പ്രചോദന പദ്ധതി - അംഗീകൃത നിബന്ധനകളനുസരിച്ച് ശാസ്ത്രീയമായ വർക്ക് അസ്സെസ്സ്മെന്റ് നടത്തി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 97,76,932 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. റിബേറ്റ് - ഉത്സവ സീസണുകളിൽ സർക്കാർ പുറപ്പെടുവിക്കുന്ന റിബേറ്റ് പ്രകാരം നിശ്ചിത ശതമാനം വിലകുറച്ച് സംഘങ്ങൾ തുണിത്തരങ്ങൾ വില്പന നടത്തുന്നു. കൈത്തറി സംഘങ്ങളുടെ നഷ്ടം സർക്കാർ സംഘങ്ങൾക്ക് നൽകി നികത്തുന്നു. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 1,74,06,198/- രൂപ ചെലവഴിച്ചിട്ടുണ്ട്.

8. ഹാൻഡ്‌ലൂം മാർക്ക് പദ്ധതി-പൊതുജനങ്ങൾക്ക് കൈത്തറി ഉത്പന്നങ്ങൾ തിരിച്ചറിയുന്നതിനും അതുവഴി കൈത്തറി ഉത്പന്നങ്ങൾക്ക് പ്രചാരണം നല്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണിത്. സംഘങ്ങൾ വാങ്ങുന്ന ഹാൻഡ്‌ലൂം മാർക്ക് ലേബൽ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ 75% ആണ് ധനസഹായമായി അനുവദിക്കുന്നത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 6264 രൂപ ചെലവഴിച്ചിട്ടുണ്ട്.

9. സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം - നെയ്ത്തുകാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും പുതിയ ടെക്നോളജി വഴി ഗുണമേന്മ വർധിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ആരംഭിച്ച പരിശീലന പദ്ധതിയാണ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 4,45,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

10. മാർജിൻ മണി വായ്പ-സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം, സംഘങ്ങൾക്ക് ആവശ്യമായ നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായുള്ള സാമ്പത്തിക സഹായ പദ്ധതിയാണിത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം ആകെ 14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

11. ഹാങ്ക് യാൺ, ഡൈസ് ആൻഡ് കെമിക്കൽ സബ്സിഡി - ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് സബ്സിഡിയോടുകൂടി യാൺ ബാങ്കുകൾ വഴി യഥാസമയം നെയ്ത്തുകാർക്ക് ലഭിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. സംഘങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 7,29,754 രൂപ ചെലവഴിച്ചിട്ടുണ്ട്.

12. സ്കൂൾ യൂണിഫോം പദ്ധതി - സംസ്ഥാനത്തെ ഒന്ന് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്കും ഒന്ന് മുതൽ നാലാം ക്ലാസ്സ് വരെയുള്ള എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കും കൈത്തറി സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിന് കൈത്തറി സംഘങ്ങളിൽ സ്കൂൾ യൂണിഫോം നെയ്യുന്ന നെയ്ത്തുകാർക്ക് വേതനമായി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 1,93,47,671 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly